**പതിമൂന്നാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2339</u>** **<u>18/06/2014-ൽ മറുപടിക്ക്</u>**

# കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>" ലൂഡി ലൂയിസ്<br>" വി. പി. സജീന്ദ്രൻ<br>" എം. പി. വിൻസെന്റ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) & (ബി) | ഉണ്ട്. 19.06.2012-ാം തീയതിയിലെ സർക്കാർ ഉത്തരവ് നം. 186/2012/എച്ച് & എഫ്. ഡബ്ല്യൂ. ഡി. പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പ്രവർത്തനമാരംഭിച്ചു. പൊതുവിപണിയേക്കാൾ വിലക്കുറവിൽ രോഗികൾക്ക് മരുന്ന് ലഭ്യമാക്കലാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം. ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി 2012 ജനുവരി 12-നാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ആദ്യ വില്പന കേന്ദ്രം ഉദ്ഘാടനം ചെയ്തത്. ഗ്രാമീണ മേഖലയിൽ ഇത്തരം കേന്ദ്രത്തിന്റെ വിപണി സാധ്യത മനസ്സിലാക്കുന്നതിനായി ഒരു പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽത്തന്നെ രണ്ടാമത്തെ കേന്ദ്രം 2012 ജൂൺ 9 ന് കല്ലറ ഗവ. ആശുപത്രിയിൽ ആരംഭിക്കുകയുണ്ടായി. നിലവിൽ സംസ്ഥാനത്ത് 20 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ രണ്ടെണ്ണം പമ്പയിലും, ശബരിമല സന്നിധാനത്തും 24 മണിക്കൂറും (മണ്ഡലക്കാലത്തു മാത്രം) പ്രവർത്തിക്കുന്നു. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന ജീവൻരക്ഷാ മരുന്നുകളും ഉപകരണങ്ങളും പരമാവധി വിപണനവില (എം.ആർ.പി) യിൽ നിന്നും 93 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാണ്. |
| (ബി) | ഫാർമസിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | | |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് ഫാർമസികളിൽ ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) | സ്ഥിരമായി മരുന്നുകൾ വാങ്ങുന്നവർക്കായി ഫാമിലി മെഡിസിൻ കാർഡ്, കാരുണ്യ ലോയൽറ്റി ഡിസ്കൗണ്ട് കാർഡ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**<u>കാരുണ്യ ഫാമിലി മെഡിസിൻ കാർഡ്:</u>**<br>ഈ പദ്ധതി ജീവിതശൈലീ രോഗങ്ങൾമൂലം സ്ഥിരമായി മരുന്നു കഴിക്കുന്നവർ, പ്രായാധിക്യമുള്ള രോഗികൾ, അസുഖം മൂലം കിടപ്പിലായ രോഗികൾ, പെൻഷൻ പറ്റിയവർ, ഔട്ട്ലെറ്റിൽ നേരിട്ടുവന്നു നിന്ന് മരുന്നു വാങ്ങുവാൻ അസൗകര്യമുള്ളവർ എന്നിവർക്ക് മുൻതൂക്കം കൊടുത്താണ് |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ അംഗങ്ങൾ ആയവർക്ക് സ്ഥിരമായി ഉപയോഗിക്കുന്ന മരുന്നുകൾ (ഫ്രിഡ്ജിൽ സൂക്ഷിക്കുന്ന മരുന്നുകൾ ഉൾപ്പെടെ) പ്രത്യേകം പായ്ക്കറ്റ് ചെയ്ത് കൊറിയർ വഴി വീടുകളിൽ എത്തിച്ചുകൊടുക്കുന്നു. പ്രസ്തുത കാർഡ് ലഭ്യമാക്കുവാനായി 2500 രൂപ ആദ്യം നിക്ഷേപിക്കേണ്ടതാണ്. കൂടാതെ വാലിഡ് പ്രിസ്ക്രിപ്ഷന്റെ ഒരു പകർപ്പും, മരുന്ന് ഡെലിവർ ചെയ്യാനുള്ള ശരിയായ വിലാസവും, മരുന്നു ഡെലിവർ ചെയ്യേണ്ട തീയതിയും നിർബന്ധമായും ആപ്ലിക്കേഷനിൽ രേഖപ്പെടുത്തേണ്ടതാണ്. കൊറിയർ ചാർജ്ജും അയയ്ക്കുന്ന മരുന്നുകളുടെ വിലയും പ്രസ്തുത തുകയിൽ നിന്നും കുറവു ചെയ്യുന്നതായിരിക്കും. 2 ശതമാനം അധിക കിഴിവ് (1 ശതമാനം ക്യാഷ് ഡിസ്കൗണ്ടും 1 ശതമാനം ബോണസ് പോയിന്റും) ഇപ്രകാരം വാങ്ങുന്ന മരുന്നുകൾക്ക് ലഭിക്കുന്നതാണ്. 1000 രൂപയുടെ ഗുണിതങ്ങളായി അക്കൗണ്ടിലേക്ക് രൂപയായോ ഡിമാന്റ് ഡ്രാഫ്റ്റായോ ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ മുഖേനയോ റീ-ചാർജ്ജ് ചെയ്യാവുന്നതാണ്. കസ്റ്റമർ സർവ്വീസിനായി 10 മണി മുതൽ 6 മണിവരെ പ്രവർത്തിക്കുന്ന ഒരു ടോൾ ഫ്രീ നമ്പർ (1800 425 1256) സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നാളിതു വരെ 1000-ൽ കൂടുതൽ ഉപഭോക്താക്കൾ ഈ സൗകര്യം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇത് വളരെ വിജയകരമായി തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിച്ചു വരുന്നു.<br>**<u>കാരുണ്യ ലോയൽറ്റി ഡിസ്കൗണ്ട് കാർഡ്:</u>**<br>പ്രസ്തുത പദ്ധതി സ്ഥിരമായി കാരുണ്യ ഔട്ട്ലെറ്റിലേയ്ക്കു മരുന്നു വാങ്ങാനായി വരുന്ന ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന ഒരു പദ്ധതിയാണ്. ഒരു അംഗത്തിന് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി 2 ശതമാനം അധിക കിഴിവിൽ (1 ശതമാനം ക്യാഷ് ഡിസ്കൗണ്ടും 1 ശതമാനം ബോണസ് പോയിന്റും) മരുന്നുകൾ കൗണ്ടറിലെത്തി വാങ്ങാവുന്നതാണ്. പ്രസ്തുത കാർഡ് ലഭിക്കുന്നതിനായി 50 രൂപ നൽകേണ്ടതാണ്. ഒരു ബില്ലിൽ 5000 രൂപയ്ക്ക് മുകളിൽ മരുന്നു വാങ്ങുന്നവർക്ക് കാരുണ്യ ഫാർമസിയിൽ നിന്നും സൗജന്യമായി പ്രസ്തുത കാർഡ് നൽകുന്നതാണ്. ഈ രണ്ടു കാർഡുകളിലെയും ബോണസ് പോയിന്റ് 250 ആകുമ്പോൾ അടുത്ത ബില്ലിൽ 200 രൂപ കുറവ് ചെയ്യുന്നതായിരിക്കും. |

<table>
<tr>
<td>(ഡി)</td>
<td>എവിടെയെല്ലാമാണ് ഫാർമസികൾ പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;</td>
<td>(ഡി)</td>
<td>
<table>
<tr><th>ക്രമ നം.</th><th>കാരുണ്യ ഫാർമസി</th><th>ജില്ല</th></tr>
<tr><td>1.</td><td>മെഡിക്കൽ കോളേജ്</td><td>തിരുവനന്തപുരം</td></tr>
<tr><td>2.</td><td>സാമൂഹികാരോഗ്യ കേന്ദ്രം, കല്ലറ</td><td>തിരുവനന്തപുരം</td></tr>
<tr><td>3.</td><td>ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര</td><td>തിരുവനന്തപുരം</td></tr>
<tr><td>4.</td><td>ഗവ. വിക്ടോറിയ ആശുപത്രി</td><td>കൊല്ലം</td></tr>
<tr><td>5.</td><td>താലൂക്ക് ആശുപത്രി</td><td>കൊട്ടാരക്കര</td></tr>
<tr><td>6.</td><td>താലൂക്ക് ആശുപത്രി</td><td>ഹരിപ്പാട്</td></tr>
<tr><td>7.</td><td>മെഡിക്കൽ കോളേജ് ആശുപത്രി</td><td>ആലപ്പുഴ</td></tr>
<tr><td>8.</td><td>മെഡിക്കൽ കോളേജ് ആശുപത്രി</td><td>കോട്ടയം</td></tr>
<tr><td>9.</td><td>ജില്ലാ ആശുപത്രി</td><td>കോട്ടയം</td></tr>
<tr><td>10.</td><td>മെഡിക്കൽ കോളേജ് ആശുപത്രി</td><td>തൃശ്ശൂർ</td></tr>
<tr><td>11.</td><td>ജില്ലാ ആശുപത്രി</td><td>എറണാകുളം</td></tr>
<tr><td>12.</td><td>ജില്ലാ ആശുപത്രി</td><td>പാലക്കാട്</td></tr>
<tr><td>13.</td><td>മെഡിക്കൽ കോളേജ് ആശുപത്രി</td><td>കോഴിക്കോട്</td></tr>
<tr><td>14.</td><td>ബീച്ച് ആശുപത്രി</td><td>കോഴിക്കോട്</td></tr>
<tr><td>15.</td><td>ജില്ലാ ആശുപത്രി</td><td>വടകര</td></tr>
<tr><td>16.</td><td>ജില്ലാ ആശുപത്രി</td><td>കണ്ണൂർ</td></tr>
<tr><td>17.</td><td>താലൂക്ക് ആശുപത്രി</td><td>ചെങ്ങന്നൂർ</td></tr>
<tr><td>18.</td><td>താലൂക്ക് ആശുപത്രി</td><td>തിരുവല്ല</td></tr>
<tr><td>19.</td><td>കാരുണ്യ ഫാർമസി</td><td>പമ്പ (മണ്ഡലകാലത്തു മാത്രം)</td></tr>
<tr><td>20.</td><td>കാരുണ്യ ഫാർമസി</td><td>സന്നിധാനം (മണ്ഡലകാലത്തു മാത്രം)</td></tr>
</table>
</td>
</tr>
<tr>
<td>(ഇ)</td>
<td>ഫാർമസിയുടെ പ്രവർത്തനം സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ?</td>
<td>(ഇ)</td>
<td>സംസ്ഥാനത്തൊട്ടാകെ 35 സർക്കാർ ആശുപത്രികളിൽ (മെഡിക്കൽ കോളേജുകൾ ഉൾപ്പടെ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുവാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 20 കമ്മ്യൂണിറ്റി ഫാർമസികൾ ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ